## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

നെല്ല് സംഭരണം

മി. സ്പീക്കർ: കുട്ടനാട്ടും പരിസരപ്രദേശങ്ങളിലുമുള്ള മില്ലുടമകൾ നെല്ല് സംഭരണത്തിൽനിന്നും പിന്മാറുന്നത് തടയാൻ സർക്കാർ പരാജയപ്പെട്ടതായും അതുമൂലം ദിവസങ്ങളായി പാടശേഖരങ്ങളിൽ നെല്ല് കെട്ടിക്കിടക്കുന്നതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, സി. ആർ. മഹേഷ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ഉന്നയിച്ചതുപോലെയുള്ള ഗുരുതരമായ സാഹചര്യത്തിലേയ്ക്കെത്തിയിട്ടില്ല. നെല്ല് സംഭരണം സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്. പലതരം പ്രശ്നങ്ങൾ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട്

ദിനംപ്രതി ഉയർന്നുവരാറുണ്ട്. ഗുണനിലവാര പരിശോധനയില്ലാതെ കർഷകർ ഉൽപാദിപ്പിച്ച മുഴുവൻ നെല്ലും സംഭരിക്കണമെന്നാണ് കർഷകർ ആഗ്രഹിക്കുന്നത്. എന്നാൽ ഗുണനിലവാര പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ കിഴിവ് ആവശ്യപ്പെടുന്ന സമീപനമാണ് മില്ലുടമകൾ സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ഔട്ട് ടേൺ റേഷ്യോ 64.5-ൽനിന്നും 68-ലേക്ക് ഉയർത്തിയതോടുകൂടി മില്ലുടമകൾ ഗുണനിലവാര പരിശോധന കർശനമാക്കി. കാരണം 100 കിലോഗ്രാം നെല്ലിൽനിന്നും 68 കിലോഗ്രാം അരി അവർ സർക്കാരിലേക്ക് നൽകേണ്ടതുണ്ട്. എന്നതുമാത്രമല്ല, സർക്കാർ അരി എടുക്കുന്നതിനുമുമ്പ് അരിയുടെ ഗുണനിലവാര പരിശോധന നടത്തിയതിനുശേഷം മാത്രമേ പൊതുവിതരണത്തിനായി ഉപയോഗിക്കുകയുള്ളൂ. പ്രസ്തുത കാരണത്താൽ മില്ലുടമകൾ സംഭരിക്കുന്ന നെല്ലിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് കഴിഞ്ഞവർഷം മുതൽ കർശനനിലപാട് സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ച വസ്തുതാപരമായ ചില കാര്യങ്ങൾ സഭ അറിയേണ്ടതുണ്ട്. നടപ്പുസംഭരണ വർഷം 75600 കർഷകരിൽനിന്നും ആകെ 208000 മെട്രിക് ടൺ നെല്ല് സംഭരിച്ചു. നെല്ലിന്റെ

ആകെ വില 591.40 കോടി രൂപയാണ്. കർഷകർക്ക് 387.59 കോടി രൂപ വിതരണം ചെയ്യുകയുണ്ടായി. ബാക്കിയുള്ളത് 203.82 കോടി രൂപയാണ്. 2024-25 നടപ്പുസംഭരണ വർഷത്തിൽ ആഗസ്റ്റ് മാസം 1 മുതൽ ഡിസംബർ 31 വരെ ഒന്നാംവിളയും ജനവരി മാസം 1 മുതൽ ജൂൺ 30 വരെ രണ്ടാംവിളയുമാണ്. പാലക്കാട് ജില്ലയിൽ 38792 കർഷകരിൽനിന്നും 79037 മെട്രിക് ടൺ നെല്ല് സംഭരിച്ചു. നെല്ലിന്റെ വിലയായി കർഷകർക്ക് ആകെ 223.83 കോടി രൂപയാണ് നൽകേണ്ടത്. അതിൽ 204 കോടി 18 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ബാക്കി 19.65 കോടി രൂപയാണ് നൽകാനുള്ളത്. അവിടെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ഇതുപോലെയല്ലാത്ത ചില വിഷയങ്ങൾ ഉയർന്നുവരികയുണ്ടായി. കർഷകർ ചില പാടങ്ങളിൽ വിതയ്ക്കുന്ന നെൽ വിത്ത് വെള്ളയായിരിക്കാം, അതിൽനിന്നും ഉൽപാദിപ്പിക്കുന്ന അരിയും വെള്ളയായിരിക്കും. അതുകൊണ്ട് ചുവപ്പും വെള്ളയും അരി മിക്സ് ചെയ്തുവരുമ്പോൾ അത് സംഭരണത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കും. സ്വാഭാവികമായും മില്ലുകാർ മാത്രമല്ല പൊതുവിതരണ കേന്ദ്രത്തിലും ആ അരിയെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയരും. നിരവധി ചർച്ചകളിലൂടെയാണ്

പട്ടാമ്പി, ബഹുമാന്യനായ മന്ത്രിയുടെ മണ്ഡലമടക്കമുള്ള പ്രദേശങ്ങളിലെ അത്തരം വിഷയങ്ങൾ പരിഹരിച്ചത്. നടപ്പുസംഭരണവർഷം ആലപ്പുഴ ജില്ലയിലെ 12930 കർഷകരിൽനിന്നും 43810 മെട്രിക് ടൺ നെല്ല് സംഭരിച്ചു. നെല്ലിന്റെ വിലയായി 124.7 കോടി രൂപ കർഷകർക്ക് നൽകാനുള്ളതിൽ 109.42 കോടി രൂപ കൊടുത്തു. ബാക്കി 14 കോടി രൂപ കൊടുക്കാനുണ്ട്. അതുപോലെതന്നെ കോട്ടയം ജില്ലയിലെ 7559 കർഷകരിൽനിന്നും 25767 മെട്രിക് ടൺ നെല്ല് സംഭരിച്ചു. നെല്ലിന്റെ വിലയായ 72 കോടി രൂപയിൽ 44.35 കോടി രൂപ കൊടുത്തു. ബാക്കി 28 കോടി രൂപകൂടി കൊടുക്കാനുണ്ട്. പ്രധാനപ്പെട്ട മൂന്നുനാല് ജില്ലകളുടെ കണക്കാണ് ഞാൻ സൂചിപ്പിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ 15076 കർഷകരിൽ നിന്നും 38529 മെട്രിക് ടൺ നെല്ല് അതായത്, 109 കോടി രൂപയുടെ നെല്ല് ഈ വർഷാവസാന നാളുകളിൽ സംഭരിച്ചു. അതിൽ 14.48 കോടി രൂപ നൽകി. ബാക്കിത്തുക നൽകാനുണ്ട്. അത് കൃത്യമായി നൽകുന്നതിനുള്ള പരിശ്രമവും അതിനനുസരിച്ചുള്ള നിലപാടുമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിപ്രകാരം സംസ്ഥാനത്തെ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ

ഗുണനിലവാരത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ചില നിർദേശങ്ങളുണ്ട്. ആ നിർദേശങ്ങൾ പാലിച്ചുകൊണ്ടുമാത്രമേ നെല്ല് സംഭരിക്കാൻ സാധിക്കുകയുള്ളൂ. ആ നിർദേശങ്ങളിൽ പറയുന്ന ബാഹ്യവസ്തുക്കൾ - ജൈവം 1 ശതമാനമാകാം, അജൈവം 1 ശതമാനമാകാം. കേടായത്, മുളച്ചത്, കീടബാധയേറ്റത് - പരമാവധി 4 ശതമാനം വരെയാകാം. നിറം മാറിയത് - 1 ശതമാനമാകാം. പാകമാകാത്തതും ചുരുങ്ങിയതുമായ പതിര് - 3 ശതമാനംവരെയാകാം. താഴ്ന്ന ഇനങ്ങളുടെ കലർപ്പുകൾ 6 ശതമാനംവരെയാകാം. ഈർപ്പം 17 ശതമാനമാകാം. മുൻകാലങ്ങളിലും സമാനമായ സാഹചര്യമുണ്ടാകുമ്പോൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ, ആ സമയത്ത് മില്ലുകാർ പലപ്പോഴും അവരുമായിട്ടുള്ള ചർച്ചകളിലുണ്ടാകുന്ന സമ്മർദങ്ങളിൽ സമ്മതിക്കുന്ന അവസ്ഥയുണ്ടാകും. ഇന്ന് ഔട്ട് ടേൺ റേഷ്യോ 64.5-ൽനിന്നും 68 ആയതോടുകൂടി മറ്റൊരു മാർഗവുമില്ലാതെ അവരും വല്ലാത്ത പ്രയാസത്തിലാണ്. ഇത്തരം ഘട്ടങ്ങളിലാണ് പലവിധ ചർച്ചകളിലൂടെ ഈ വിഷയങ്ങൾ പരിഹരിക്കാനുള്ള ശ്രമം സർക്കാർ നടത്തുന്നത്. പ്രധാനമായും കോട്ടയം ജില്ലയിലെ തിരുവാർപ്പ് പഞ്ചായത്തിലെ ജെ ബ്ലോക്ക്

ഒൻപതിനായിരം പാടശേഖരത്തിലും അതിന് തൊട്ടടുത്ത ചില സ്ഥലങ്ങളിലും നെല്ലെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ വിഷയമായതുകൊണ്ടാണ് ബഹുമാന്യനായ അംഗം ടി വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ തയ്യാറായത്. ഈ വിഷയം സംബന്ധിച്ച് സഭ നടക്കുമ്പോൾത്തന്നെ കുട്ടനാട്, ചങ്ങനാശ്ശേരി, അമ്പലപ്പുഴ, വൈക്കം എന്നീ നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാർ ശ്രദ്ധയിൽപ്പെടുത്തിയ ഉടൻതന്നെ, കഴിഞ്ഞ ആഴ്ചയിൽ സഭാസമ്മേളനം നടക്കുന്നതിനിടയിൽ ബന്ധപ്പെട്ടവരുമായി നിയമസഭാ കോംപ്ലക്സിനകത്ത് എന്റെ റൂമിൽവച്ച് ചർച്ച നടത്തുകയുണ്ടായി. സമയോചിതമായി അത്തരം വിഷയങ്ങളിൽ ഇടപെടുന്നൊരു രീതിയാണ് ഞാനും ബഹുമാന്യരായ കൃഷി വകുപ്പുമന്ത്രിയും സഹകരണവകുപ്പുമന്ത്രിയും സ്വീകരിക്കുന്നത്. ആ ജില്ലയിലെ മന്ത്രിമാരെന്ന നിലയ്ക്ക് ആ വിഷയങ്ങളിൽ വളരെ വേഗത്തിൽ പരിഹാരം കണ്ടെത്താനുള്ള പരിശ്രമമാണ് നടത്തിയത്. മില്ലുടമകൾ തമ്മിലുള്ള തർക്കം കിഴിവ് സംബന്ധിച്ചുള്ളതാണ്. അത് ആദ്യഘട്ടത്തിൽ നെല്ലെടുപ്പ് താമസിപ്പിക്കുന്നതിന് ഇടയാക്കിയെന്നത് ഒരു വസ്തുതയാണ്. എന്നാൽ ആ വിഷയം ചർച്ചകളിലൂടെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. അതിനനുസരിച്ച്

ഞങ്ങളുടെ ചർച്ചകൾ വീണ്ടും തുടർന്നു. മാർച്ച് മാസം 14, 15 തീയതികളിൽ ഞാൻ ഓൺലൈനായും കൃഷി വകുപ്പുമന്ത്രി നേരിട്ടും ആലപ്പുഴയിൽ വച്ച് യോഗം നടത്തിയിരുന്നു. സഹകരണ വകുപ്പുമന്ത്രിയും ആ വിഷയത്തിലിടപെട്ടു. ടി വിഷയത്തിൽ ഇടപെടുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തി. അതിനനുസരിച്ച് പലവിധത്തിലുള്ള ചർച്ചകൾ നടത്തുകയുണ്ടായി. ഇവിടെ പറഞ്ഞതുപോലെ ഈ പാടശേഖരത്തിൽ നെല്ല് സംഭരണത്തിലുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെട്ടതിലൂടെ രണ്ട് ശതമാനം കിഴിവ് സമ്മതിച്ചുകൊണ്ട് കർഷകരിൽ മഹാഭൂരിപക്ഷം മുന്നോട്ടുവരികയുണ്ടായി. എന്നാൽ ചിലയാളുകൾ അതിനോട് യോജിക്കാത്ത നിലപാട് സ്വീകരിച്ചു. ഒരു കിഴിവും നൽകുകയില്ലെന്ന നിലപാടിൽ ഉറച്ചുനിൽക്കുന്ന സമീപനം ചിലർ സ്വീകരിച്ചു. അവിടെ ബഹുമാനപ്പെട്ട അംഗത്തിന്റെ പാർട്ടിയിൽപ്പെട്ട കർഷക സംഘടനയുൾപ്പെടെ അതിൽ പങ്കെടുത്തു. ആ കർഷക സംഘടനകൾക്കെല്ലാം പൊതു അഭിപ്രായമാണുള്ളത്. എന്നാൽ ചില കർഷകർക്ക്...... അതിനുപിന്നിലുള്ള താൽപര്യം സംബന്ധിച്ച വിശദീകരണത്തിലേക്ക് ഞാൻ കടക്കുന്നില്ല. എന്നാൽ ചില കർഷകർക്ക് ആ താൽപര്യം പരിഗണിക്കാൻ

പാടില്ലെന്ന നിലപാടാണുള്ളത്. കഴിഞ്ഞ ദിവസം നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ നെല്ല് സംഭരണ പ്രവർത്തനങ്ങളിൽ പരിഹാരമുണ്ടാക്കാൻ സാധിച്ചുവെന്നതാണ് സഭ അറിയേണ്ട ഒരു വസ്തുത. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ നെല്ല് കയറ്റി പോകുന്നതിന്റെ ചിത്രമുൾപ്പെടെ നൽകിയിട്ടുണ്ട്. 1500 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇന്നലെ ഞായറാഴ്ച ആയിരുന്നിട്ടുപോലും നെല്ല് സംഭരണം നടന്നു. ഇന്നലെ 36 ലോഡ് നെല്ല് അവിടെനിന്നും കൊണ്ടുപോയി. ഇന്നും രാവിലെ മുതൽ ആ പ്രക്രിയ നടക്കുകയാണ്. അതുകൊണ്ട് ഓരോ പാടശേഖരവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന വിഷയങ്ങളെ സംബന്ധിച്ച് അതതുകാലങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമല്ല എം.എൽ.എ.-മാരും ജനപ്രതിനിധികളും മന്ത്രിമാരായ ഞങ്ങളെല്ലാവരും വളരെ ശ്രദ്ധാപൂർവം ഇടപെട്ട് കർഷകരെ സഹായിക്കുകയും കർഷകനെ ചേർത്തുനിർത്തുകയും ചെയ്യുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ വരുന്ന പ്രശ്നങ്ങളെ പരിഹരിക്കാൻ വലിയ രീതിയിൽ മുൻകൈയെടുത്തിട്ടുണ്ടെന്ന കാര്യം സഭയെ അറിയിക്കുകയാണ്. മറ്റൊന്ന്, പണം നൽകുന്നതിൽ കുടിശ്ശികയുണ്ടെന്നത്

സംബന്ധിച്ച കണക്കുകൾ ഞാൻ പറഞ്ഞു. കഴിഞ്ഞ ഫെബ്രുവരി മാസം 28 വരെ സംഭരിച്ച നെല്ലിന്റെ പണം നൽകുന്നതിനായി (പി.ആർ.എസ്. കൊടുക്കാൻ) ബാങ്കിലേക്ക് ലിസ്റ്റും പണവും കൈമാറിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ആയിരത്തി മുന്നൂറോളം കോടി രൂപ നൽകാനുണ്ട്. അതിനിടയിലാണ് സംസ്ഥാനം പലവിധ ഞെരുക്കത്തിനിടയിലും കർഷകരെ സഹായിക്കാൻ കഴിയുന്ന സമീപനം സ്വീകരിക്കുന്നത്. ഇതിൽ മറ്റുരാഷ്ട്രീയമായ വിഷയങ്ങൾ കാണേണ്ടതില്ല. കൃഷിക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഗവൺമെന്റ് പരമാവധി വേഗതയിൽ; അതായത് ഡിസംബർ 20 വരെയുള്ള കുടിശ്ശിക നൽകി. ഡിസംബർ 28 വരെയുള്ളതിന്റെ തുക നൽകുന്നതിനായി ബാങ്കിലേക്ക് ലിസ്റ്റുൾപ്പെടെ കൈമാറിയിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്. പ്രശ്നങ്ങൾ പലയിടത്തും ഉയർന്നുവരാറുണ്ട്. ആ വിഷയങ്ങളെ ഗവൺമെന്റ് കാണാതെ പോകുന്ന നിലപാടല്ല സ്വീകരിക്കുന്നതെന്ന കാര്യം സഭ അറിയണം. അതുകൊണ്ട് പ്രസ്തുത വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല. സ്വാഭാവികമായും ഈ വിഷയം നാല് ദിവസങ്ങൾക്കുമുമ്പ് സഭയുടെ മുമ്പിൽ വരേണ്ട ഒരു കാര്യമാണെന്ന് ബഹുമാനപ്പെട്ട അംഗത്തിന്

തോന്നിയിരുന്നെങ്കിൽ ശരിയായിരുന്നു. കാരണം പ്രസ്തുത വിഷയം പല അംഗങ്ങളും എന്റെ ശ്രദ്ധയിൽപ്പെടുത്തിയ സമയത്തുതന്നെ അക്കാര്യത്തിൽ ഞാൻ ഇടപെട്ടിരുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, നെൽ കാർഷിക മേഖല വലിയ രീതിയിലുള്ള പ്രതിസന്ധിയിലൂടെ കടന്നുപോകുന്നുവെന്നുള്ളത് ഒരു വസ്തുത തന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ സംഭരണം സങ്കീർണ്ണമായൊരു പ്രക്രിയയാണ്. അത് അങ്ങുതന്നെ സമ്മതിക്കുന്നുണ്ട്. ഈ സങ്കീർണ്ണമായ പ്രക്രിയ ഇപ്പോഴും ആ സങ്കീർണ്ണതയിൽത്തന്നെ മുമ്പോട്ട് പോകുകയും പല പാടശേഖരങ്ങളിലും കൊയ്ത്ത് കഴിഞ്ഞ് നെല്ല് എടുക്കാതെ കിടക്കുന്ന സന്ദർഭങ്ങൾ ഇപ്പോഴും തുടരുകയും ചെയ്യുന്നു. ബാങ്ക് ലോൺ എടുത്തും കടം വാങ്ങിയും സ്വർണ്ണം പണയംവച്ചുമൊക്കെയാണ് കർഷകർ കൃഷിയിലേക്കിറങ്ങുന്നത്. അങ്ങനെ ഇറങ്ങുന്ന കർഷകർ അവരുടെ നെല്ല് പാടശേഖരങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന ദയനീയമായ കാഴ്ച ഇന്നും കാണുമ്പോൾ സ്വാഭാവികമായും അക്കാര്യത്തിൽ വലിയ പ്രതിഷേധമുയരും. കർഷകന്റെ കണ്ണുനീർ ഇന്നും പാടശേഖരങ്ങളിൽ വീഴുന്നുവെന്ന വസ്തുത ഗവൺമെന്റ്

മനസ്സിലാക്കണം. നെല്ല് സംഭരണത്തിന്റെ പാളിച്ച ഒരു പ്രാവശ്യം കുട്ടനാട്ടിലാണെങ്കിൽ അടുത്ത തവണ പാലക്കാടോ, തൃശ്ശൂരോ, പത്തനംതിട്ടയിലോ ആയിരിക്കാം. പല സ്ഥലങ്ങളിലും പല തരത്തിൽ ഈ വിഷയം ഇപ്പോഴും ഒരു തുടർക്കഥയായി മുമ്പോട്ട് പോകുന്നു. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച കോട്ടയത്തെ ജെ ബ്ലോക്കിലെ ഒമ്പതിനായിരം പാടശേഖരത്തിലെ നെല്ല് കഴിഞ്ഞ ദിവസമെടുത്തുവെന്ന് പറയുമ്പോൾ കഴിഞ്ഞ രണ്ടാഴ്ചയ്ക്ക് മുകളിലായി ആ നെല്ല് അവിടെ കൂട്ടിയിട്ടിരിക്കുകയാണ്. പതിനേഴ് ദിവസത്തോളം അവിടെ നെല്ല് കൂട്ടിയിട്ട സന്ദർഭമുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം ആ സ്ഥലം സന്ദർശിച്ച് കർഷകരുമായി സംസാരിച്ച് അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കി. ശക്തമായ സമ്മർദത്തിന്റെ അടിസ്ഥാനത്തിലാണ് ഏറ്റവുമൊടുവിൽ ചർച്ച നടത്തി രണ്ട് ശതമാനം കിഴിവ് ഈ പടശേഖരത്തിലെ കർഷകരുടെമേൽ അടിച്ചേൽപ്പിച്ചുകൊണ്ട് ഇന്നലെ മുതൽ സംഭരണം ആരംഭിച്ചിരിക്കുന്നത്. അതുതന്നെയാണ് ഞങ്ങളിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. തൊട്ടടുത്ത പാടശേഖരത്തിൽ ഇതേ രീതിയിൽ കൃഷി നടത്തി അവിടെയുള്ള നെല്ല് കിഴിവില്ലാതെ എടുക്കുകയും ഈ

പാടശേഖരത്തിൽ കിഴിവ് അടിച്ചേൽപ്പിച്ചുവെന്നുള്ളതുമാണ് കർഷകരുടെ ആക്ഷേപം. കിഴിവുതന്നെ കൊടുക്കണമെന്ന നിർബന്ധബുദ്ധി മില്ലുകാർ കാണിക്കേണ്ടതില്ല. ഈ പാടശേഖരത്തെ സംബന്ധിച്ച് മനസ്സിലാക്കിയിടത്തോളം ഇതിന് കിഴിവ് കൊടുക്കുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടില്ല. കാരണം ഉൽപന്നത്തിന്റെ ക്വാളിറ്റിയെ സംബന്ധിച്ച് കർഷകർക്ക് ആത്മവിശ്വാസമുള്ളതുകൊണ്ടാണ്. പക്ഷേ, രണ്ടാഴ്ചയ്ക്ക് മുകളിൽ നെല്ല് കെട്ടികിടക്കുകയും വേനൽ മഴ അടക്കമുള്ള പ്രതിസന്ധി വരുകയും ചെയ്തപ്പോൾ സ്വഭാവികമായും കർഷകർ വലിയ രീതിയിൽ സമ്മർദത്തിലായി. ആ സമ്മർദത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കിഴിവ് സഹിതം സഹിച്ച് കൊടുക്കേണ്ട സാഹചര്യം ആ കർഷകർക്ക് ഉണ്ടായിട്ടുള്ളത്. ഈ പാടശേഖരത്തെ സംബന്ധിച്ച് ഇതിന്റെ നെല്ല് സംഭരണം വൈകിപ്പിച്ചുവെന്ന ആക്ഷേപം അവിടെ നിലനിൽക്കുകയാണ്. കൃഷിവകുപ്പടക്കം ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ഞാൻ ഈ സഭയിൽ ആവശ്യപ്പെടാൻ ആഗ്രഹിക്കുകയാണ്. നെല്ലുൽപാദനത്തിന്റെ പൊതുചിത്രമെന്താണ്? ഗവൺമെന്റുതന്നെ കണക്കുകൾ മുന്നോട്ട്

വച്ചുകഴിഞ്ഞാൽ നെല്ലുൽപാദനം കേരളത്തിൽ കുറയുന്നുവെന്നുള്ളതാണ് കാണാൻ കഴിയുന്നത്. 2020-2021-ൽ 201 ഹെക്ടർ വിസ്തൃതിയിലാണ് നെൽകൃഷി ചെയ്തിരുന്നെങ്കിൽ 2023-24 ആയപ്പോൾ അത് 178 ഹെക്ടറായി കുറഞ്ഞു. അങ്ങനെയാകുമ്പോൾ സ്വാഭാവികമായി ഉൽപാദനവും കുറയും. 626 മെട്രിക് ടണ്ണിൽ നിന്ന് 530 മെട്രിക് ടണ്ണായി നെല്ലിന്റെ ഉൽപാദനം സംസ്ഥാനത്ത് കുറഞ്ഞിരിക്കുന്നു. കഴിഞ്ഞൊരു 20 വർഷത്തെ കാലയളവ് പരിശോധിച്ചാൽ ഇതിനകത്തെ ഉൽപാദനത്തിലും ഭൂവിസ്തൃതിയിലും കൃഷിചെയ്യുന്ന വിസ്തൃതിയിലും ഗണ്യമായ കുറവ് ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ഗവൺമെന്റ് മുമ്പോട്ട് വയ്ക്കുന്ന പ്രഖ്യാപനങ്ങളും പദ്ധതികളും കർഷകർക്ക് ഗുണകരമാകുന്നില്ലെന്നതാണ്. കർഷകർ ഈ മേഖലയിൽ നിന്നും സ്വയം പിൻവാങ്ങുന്ന സാഹചര്യമുണ്ടായിക്കൊണ്ടിരിക്കുന്നത് ഗവൺമെന്റിന്റെ തന്നെ കണക്കുകൾ ഉദ്ധരിച്ച് പറയുമ്പോൾ ആ വസ്തുത വീണ്ടും ഇവിടെ ഊട്ടി ഉറപ്പിക്കപ്പെടുകയാണ്. ഇവിടെ ഗവൺമെന്റിന്റെ സമീപനമെന്താണ്; ഈ സർക്കാർ ചെയ്യേണ്ടതെന്താണ്; പാവപ്പെട്ട കർഷകരെ സംബന്ധിച്ച് അവർക്ക്

നൽകുന്ന സംസ്ഥാന വിഹിതം വർധിപ്പിക്കാൻ എന്തുകൊണ്ട് ഗവൺമെന്റ് തയ്യാറാകുന്നില്ല. ഗവൺമെന്റ് അത് കൃത്യമായി കുറച്ചുകൊണ്ട് വരുന്ന സാഹചര്യമാണ് കാണാൻ കഴിയുന്നത്. ഇവിടെ സംസ്ഥാന നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2022-2023-ൽ ഒരു കിലോയ്ക്ക് നിശ്ചയിച്ചിരുന്ന കേന്ദ്ര വിഹിതം 20 രൂപയും സംസ്ഥാന വിഹിതം 7.8 രൂപയുമായിരുന്നു. 2023 എത്തിയപ്പോൾ കേന്ദ്രം 20 രൂപയിൽ നിന്നും 21 രൂപയായി വർധിപ്പിച്ചു. പക്ഷേ സംസ്ഥാന വിഹിതം 7 രൂപയിൽ നിന്ന് 6 രൂപയായി കുറച്ചു. ഇതാണോ നിങ്ങൾക്ക് കർഷകരോടുള്ള നിലപാട്. അവിടെയും തീർന്നില്ല, 2024-2025 ആയപ്പോൾ നടപ്പുസാമ്പത്തിക വർഷം 6 രൂപയിൽ നിന്ന് 5.2 രൂപയായി കുറച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് 2016-ൽ സംസ്ഥാന വിഹിതം 7.80 ആയിരുന്നു. ആ 7.80 ആണ് 2024-2025 ആയപ്പോൾ 5.2 രൂപയായി കുറഞ്ഞിരിക്കുന്നത്. നിങ്ങൾ അത് വർധിപ്പിക്കേണ്ട; നിലനിർത്തിയിരുന്നെങ്കിൽ സ്വാഭാവികമായും കർഷകർക്ക് ഒരു കിലോയ്ക്ക് 30 രൂപയെങ്കിലും ലഭിക്കുമായിരുന്നു. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നെല്ല് സംഭരണം ആരംഭിച്ച കാലംമുതൽ

ഹാൻഡിലിങ്ങ് ചാർജ് 12 പൈസ എന്നുള്ളതിൽ അന്നുമുതൽ ഇന്നുവരെ വർധനവുണ്ടായിട്ടില്ല. ഹാൻഡിലിങ്ങ് ചാർജ് അതേനിലയിൽ നിൽക്കുന്ന സാഹചര്യം വരുന്നു. കുട്ടനാട് അടക്കമുള്ള ചില പ്രദേശങ്ങളിൽ വള്ളത്തിൽ നെല്ല് കൊട്ടക്കേണ്ടി വരുമ്പോൾ 325 രൂപ അധികച്ചെലവ് കർഷകരെ സംബന്ധിച്ചുണ്ടാകുന്നു. ഇത് നമ്മൾ ചൂണ്ടിക്കാട്ടുമ്പോൾ ഈ കഴിഞ്ഞ 10 വർഷത്തിനിടയിൽ ഉൽപാദനച്ചെലവ് എത്രമാത്രം വർധിച്ചുവെന്ന് ഞാനിവിടെ പറയേണ്ട ആവശ്യമുണ്ടോ? കൂലി വർധനവ്, മെഷിനറി ചാർജ് വർധനവ്, വളത്തിന്റെ വില വർധനവ് അഞ്ച് ശതമാനം വരെ, ഓരോ സീസണിലും രാസവളങ്ങളുടെ വില വർധിക്കുന്നുവെന്നുള്ളതാണ് ചൂണ്ടിക്കാട്ടപ്പെടുന്നത്. അതോടൊപ്പം വളത്തിന്റെ ലഭ്യത ഇല്ലാതായിപ്പോകുന്നത്; പ്രകൃതിക്ഷോഭങ്ങൾ, കാറ്റും മഴയുമടക്കമുള്ള പ്രശ്നങ്ങൾ, വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഇതെല്ലാം കർഷകർ നേരിടുകയാണ്. ഇത്തരത്തിലുള്ള വിപരീതമായ സാഹചര്യങ്ങളോട് പടവെട്ടി കൃഷിയിറക്കുന്ന കർഷകന്റെ നെല്ല് സംഭരിക്കുന്നതിന് രണ്ടുംമൂന്നും ആഴ്ചയും ഒരു മാസവുമൊക്കെ പിന്നിടുമ്പോൾ സംഭരണത്തിന്റെ തുക കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിതന്നെ

പറഞ്ഞതനുസരിച്ച് രണ്ട് മാസത്തിനുമുകളിൽ സംഭരണ വില കർഷകരുടെ അക്കൗണ്ടിലേക്കെത്താൻ കാലതാമസമുണ്ടാകുമ്പോൾ സ്വാഭാവികമായും ഈ കർഷകനെ സംബന്ധിച്ചുണ്ടാകുന്ന പ്രയാസം എത്രമാത്രം വലുതാണ്. കഴിഞ്ഞ ദിവസം ഓപ്പറേഷൻ റൈസ്ബൗൾ വിവിധ കൃഷിഭവനുകളിൽ വിജിലൻസ് അന്വേഷണം നടത്തി. കൃഷി വകുപ്പുമന്ത്രിയുടെ പക്കൽ അതിന്റെ റിപ്പോർട്ടുണ്ടല്ലോ? ഓപ്പറേഷൻ റൈസ് ബൗളുമായി ബന്ധപ്പെട്ട് സംഭരണ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിവിധ തരത്തിലുള്ള ക്രമക്കേടുകളാണ് അവർ ചൂണ്ടിക്കാട്ടിയത്. പാഡി മാർക്കറ്റിംഗ് ഓഫീസർമാർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, അസിസ്റ്റന്റുമാർ അടക്കമുള്ളൊരു നെക്സസ് ഉണ്ടായിക്കൊണ്ട് വലിയ രീതിയിലുള്ള ക്രമക്കേട് വരുന്നുവെന്ന ആക്ഷേപം ഈ ഓപ്പറേഷൻ റൈസ് ബൗളനുസരിച്ച് വന്നിരിക്കുന്നു. അതിനനുസൃതമായി കൃഷി വകുപ്പ് ഇപ്പോളൊരു ഡയറക്ടറി കൊടുത്തിട്ടുണ്ട്. ഉദ്യോഗസ്ഥർ ചെയ്യുന്ന തെറ്റിന്റെ പ്രയാസവും ബുദ്ധിമുട്ടും കർഷകരുടെ ചുമലിലേക്ക് വച്ചുകൊടുക്കാൻ പാടില്ല. നിങ്ങൾ ഇറക്കുന്ന സർക്കുലറിൽ അക്കാര്യം ശ്രദ്ധിക്കണമെന്ന് ഓർമിപ്പിക്കുന്നു. സുതാര്യമായ നിലയിൽ ഇവിടെ നെല്ല് സംഭരണം നടത്താനുള്ള

നടപടിയുണ്ടാകണം. ഇക്കാര്യത്തിൽ സപ്ലൈകോയ്ക്ക് ഉത്തവാദിത്വമില്ലേ? സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ച് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ എന്തെല്ലാമെന്ന് ഞാൻ തന്നെ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയോട് ചോദിച്ച ചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടികളിൽ ഒന്ന് സംഭരണ കേന്ദ്രത്തിന്റെ കുറവ് സപ്ലൈകോയെ സംബന്ധിച്ചുണ്ടെന്നാണ്. രണ്ടാമത്തേതാണ് ഏറ്റവും പ്രധാനപ്പെട്ടത്; കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം യഥാസമയം ലഭ്യമാകാത്തത് നെല്ല് സംഭരണത്തിൽ വലിയ പ്രതിസന്ധിയുണ്ടാക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ നൽകിയ മറുപടിയിൽ കാണാൻ കഴിയുന്നു. 2,135 കോടിയോളം രൂപ രണ്ട് സർക്കാരുകളുംകൂടി സപ്ലൈകോയ്ക്ക് നൽകാനുണ്ട്. നെല്ല് സപ്ലൈകോ സംഭരിക്കുന്നത് ഗവൺമെന്റിനുവേണ്ടിയാണ്. അപ്പോൾ ഈ സംഭരിക്കുന്ന തുക കൃത്യമായി കോർപ്പറേഷന് നൽകാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനില്ലേ? മാവേലി സ്റ്റോറുകളിൽ സബ്സിഡി സാധനങ്ങളുടെ വില വർധിപ്പിക്കില്ലെന്ന തീരുമാനം ഗവൺമെന്റ് എടുത്തു. അത് ഗവൺമെന്റിന്റെ പോളിസി ആയിരുന്നെങ്കിൽ ആ പോളിസി നടപ്പാക്കിയ ഏജൻസിക്കുണ്ടാകുന്ന നഷ്ടം

നികത്താൻ ഗവൺമെന്റിന് ഉത്തരവാദിത്വമില്ലേ? ഈ ഗവൺമെന്റിന്റെ സാമ്പത്തിക അരാജകത്വം പൊതുവിതരണ മേഖലയേയും അതോടൊപ്പം നെല്ല് സംഭരണമടക്കമുള്ള മേഖലകളെയും സാരമായ നിലയിൽ ബാധിക്കുന്നുവെന്നുള്ളതാണ് ഇവിടെ കാണാൻ കഴിയുന്നത്. ഈ തുക യഥാസമയം കൊടുക്കാതെ വരുമ്പോൾ കർഷകരെ സംബന്ധിച്ച് വലിയ പ്രതിസന്ധി സ്വാഭാവികമായും ഉണ്ടാകും. അടുത്തത് ഓഡിറ്റ് റിപ്പോർട്ടാണ്, ഒരു വികേന്ദ്രീകൃത നെല്ല് സംഭരണമാണല്ലോ ഇവിടെ നടക്കുന്നത്? 2017-18 സീസണിലെ ഓഡിറ്റ് റിപ്പോർട്ടാണ് ഏറ്റവുമൊടുവിൽ കേന്ദ്രത്തിന് നൽകിയത്. ഇക്കഴിഞ്ഞ എട്ട്-ഒൻപത് വർഷമായി ഓഡിറ്റ് റിപ്പോർട്ടുകൾ കൃത്യമായി കേന്ദ്രത്തിന് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നതും ഗവൺമെന്റുതന്നെ അംഗീകരിച്ചിരിക്കുന്ന കാര്യമാണ്. സ്വാഭാവികമായും കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട പല ആനുകൂല്യങ്ങളും ഇതുകാരണം വൈകിപ്പോകുന്ന സാഹചര്യമുണ്ടാകാൻ പാടില്ലെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: യെസ്... പ്ലീസ്... ശ്രീ. അനൂപ് ജേക്കബ്

ശ്രീ. അനൂപ് ജേക്കബ്: സർ, അതുകൊണ്ടുതന്നെ കൃത്യമായ നിലയിലുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഒപ്പം തന്നെ ഇവിടെ PRS (Paddy Receipt Sheets) - മായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ; ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഗ്രാമീൺ ബാങ്ക് അടക്കമുള്ള വിവിധ ബാങ്കുകൾ PRS വായ്പകൾ നിഷേധിക്കുന്ന സാഹചര്യമുണ്ടാകുന്നു. ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന ചില സിബിൽ സ്കോറുകളുടെ പ്രശ്നവും ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ള വിഷയമാണ്. ഇത്തരത്തിലുള്ള കാര്യങ്ങളിൽ അടിയന്തരമായ നടപടികളും ഇടപെടലുകളുമുണ്ടാകണം. മില്ലുകളുടെ അലോട്ട്മെന്റിന്റെ കാര്യത്തിൽ വലിയ രീതിയിലുള്ള പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. മില്ലുകൾക്ക് ഓൺലൈൻ അലോട്ടുമെന്റാണുള്ളത്. കഴിഞ്ഞ ദിവസം എറണാകുളം ജില്ലയിലെ വിവിധ പഞ്ചായത്തുകൾക്ക് ലഭിച്ചിരിക്കുന്ന മില്ലുകളുടെ അലോട്ട്മെന്റ് പാലക്കാടുള്ള മില്ലുകൾക്കാണ് നൽകിയത്. തൊട്ടടുത്തുള്ള മില്ലുകൾക്കുപോലും അലോട്ടുമെന്റ് ഏറ്റെടുക്കാൻ കാലതാമസമുണ്ടാകുമ്പോൾ ദൂരെയുള്ള മില്ലുകൾ പലപ്പോഴും ഇവിടേയ്ക്ക് വരാൻ പോലും വിമുഖത കാണിക്കും.

<u>മി. സ്പീക്കർ</u>: യെസ്... പ്ലീസ്... ശ്രീ. അനൂപ് ജേക്കബ്

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഒരു ടണ്ണേജ് ആയിക്കഴിഞ്ഞാൽ മാത്രമേ നെല്ല് സംഭരിക്കാൻ അവർ തയ്യാറാകുകയുള്ളൂ. ഞാൻ സംസാരിച്ചപ്പോൾ കർഷകർ എന്നോട് പറഞ്ഞത് തൊട്ടടുത്ത മില്ലാണെങ്കിൽ ഞങ്ങൾ തന്നെ വാഹനത്തിൽ കയറ്റി നെല്ല് അവിടെ എത്തിക്കും. യഥാർഥത്തിൽ നിലവിലെ സ്കീം പ്രകാരം മില്ലുകാർ ഫീൽഡിൽ വന്ന് നെല്ല് സംഭരിക്കേണ്ടതാണ്. പക്ഷേ, കർഷകന്റെ നിസ്സഹായാവസ്ഥ കാരണം കർഷകന് സ്വന്തം ചെലവിൽ/പാടശേഖര സമിതികളുടെ ചെലവിൽ നെല്ല് അവിടെക്കൊണ്ട് കൊടുക്കേണ്ട സാഹചര്യമുണ്ടാകുന്നു.

<u>മി. സ്പീക്കർ</u>: യെസ്... ശ്രീ. അനൂപ് ജേക്കബ് കൺക്ലൂഡ് ചെയ്യൂ....

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, എന്നാൽ പാലക്കാട് ആണെങ്കിൽ അവിടെ കൊണ്ടുപോയി കൊടുക്കാൻ കഴിയുമോ? കഴിയുകയില്ല. അപ്പോൾ പ്രായോഗികമായൊരു മാറ്റം ഇക്കാര്യത്തിൽ കൊണ്ടുവരേണ്ടത് ആവശ്യമല്ലേ? ഏത് മില്ലുമായിക്കൊള്ളട്ടെ, അലോട്ടുമെന്റിന്റെ കാര്യത്തിൽ നിങ്ങളുടെ സിസ്റ്റത്തിൽ മാറ്റം വരുത്താൻ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ തീർച്ചയായും

അലോട്ട് ചെയ്തിരിക്കുന്ന മില്ലുകൾ യഥാസമയം നെല്ല് സംഭരിക്കുന്നതിനുള്ള നടപടികളുണ്ടാകണം. സംഭരണത്തിലെ പാളിച്ച ഇപ്പോഴും നിലനിൽക്കുന്നുവെന്നതാണ് രണ്ടുമൂന്ന് ആഴ്ചയായി കോട്ടയത്തെ ജെ ബ്ലോക്കിൽ നിലനിൽക്കുന്ന വിഷയം ചൂണ്ടിക്കാട്ടുന്നത്. ഇതുമായി ബന്ധപ്പെട്ടുള്ള അഴിമതി പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. PRS-മായി ബന്ധപ്പെട്ട വിഷയങ്ങൾ, മില്ല് അലോട്ടുമെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ, ഇവയിലൂടെ കർഷകരെ സംബന്ധിച്ച് വലിയ പ്രതിസന്ധി ഉടലെടുത്തിരിക്കുന്നുവെന്നത് വസ്തുതയാണ്. ഞങ്ങൾ ആവർത്തിച്ച് ചോദിക്കുന്നു ഗവൺമെന്റിന്റെ പ്രയോരിറ്റി എവിടെയാണ്? ഗവൺമെന്റിന്റെ പ്രയോരിറ്റി കർഷകരോടൊപ്പം ആയിരിക്കണമെന്നുണ്ടെങ്കിൽ കാർഷിക മേഖലയിൽ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള അടിയന്തര നടപടികൾ ഉണ്ടാകണം. അതുകൊണ്ടുതന്നെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം സഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലാണ് ചില കാര്യങ്ങൾ പറഞ്ഞത്. വസ്തുതയുമായി യാതൊരു ബന്ധവുമില്ലാതെ കർഷകരുടെ കണ്ണീർ ഒപ്പാൻ നിൽക്കുന്നുവെന്ന് പറയുകയും കർഷകരെ വഞ്ചിച്ച നിരവധി നിലപാടുകൾ സ്വീകരിച്ചവരാണെന്നുള്ളകാര്യം മറക്കുകയും ചെയ്യുകയാണ്. ഞാൻ അതിന്റെ കഥകളിലേയ്ക്കൊന്നും പോകുന്നില്ല. കേരളത്തിലെ കർഷകരെ സംരക്ഷിക്കാൻ രാജ്യത്തിന് മാതൃകയായിട്ടുള്ള നിലപാടുകൾ സ്വീകരിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകൾ മാത്രമാണെന്നതിൽ യാതൊരു സംശയവുമില്ല. 2025 ഫെബ്രുവരി 28 വരെ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വിലയുടെ ലിസ്റ്റ് സഹിതം ഞാൻ ഈ മേശപ്പുറത്തുവയ്ക്കാൻ തയ്യാറാണ്. കർഷകരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ ഊർജ്ജിതമായി ചെയ്തിട്ടുണ്ട്. 'കർഷകർക്ക് പണം കൊടുക്കുന്നില്ല' എന്ന പൊതുപ്രസംഗം തുടങ്ങിയിട്ട് എത്ര വർഷമായി; അങ്ങനെ പറഞ്ഞുപോയാൽ യാഥാർത്ഥ്യവുമായി അതിന് എന്തെങ്കിലും ബന്ധമുണ്ടോ? കർഷകരിൽനിന്നും കഴിഞ്ഞ വർഷം സംഭരിച്ച നെല്ലിന്റെ

പണം നൽകിയതിന്റെ മൊത്തം കണക്ക് ജില്ലതിരിച്ചും പ്രത്യേകമായി നാല് ജില്ലയെ സംബന്ധിച്ചും പറഞ്ഞതാണ്. അതിൽ കുടിശ്ശികയില്ല, ചില കർഷകരുടെ അവകാശികളുടെ കാര്യത്തിൽ ചില പ്രശ്നങ്ങളുള്ളതിനാൽ അവർക്ക് നേരിട്ട് സപ്ലൈകോ പണം നൽകിയിട്ടുണ്ട്. അത് പി.ആർ.എസ്. (Paddy receipt sheet) വായ്പയല്ല. കർഷകർക്ക് പണം നേരിട്ട് നൽകുന്ന നിലപാട് സ്വീകരിച്ചുകൊണ്ട് കുടിശ്ശിക തീർക്കാനുള്ള നടപടികൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഈ സംഭരണ സീസണിൽ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില ഫെബ്രുവരി മാസം 20 വരെയുള്ളത് നൽകിയിട്ടുണ്ട്. ഫെബ്രുവരി 28 വരെ നൽകാനുള്ള സംഭരിച്ച നെല്ലിന്റെ ലിസ്റ്റും പണവും പി.ആർ.എസ്. നൽകാനായി ബാങ്കിലേക്ക് നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഇതൊരു വസ്തുതയല്ലേ; സിബിൽ സ്കോറിന്റെ കാര്യം ഇവിടെ പറഞ്ഞു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകരെ ചേർത്തുപിടിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ എപ്പോഴും സ്വീകരിച്ചിട്ടുള്ളത്. ബാങ്കുകൾ മുഖേന നൽകിയ പി.ആർ.എസ്. വായ്പ കുടിശ്ശികയായി, കർഷകർക്ക് ബാങ്കുകൾ നോട്ടീസ് നൽകുന്ന സാഹചര്യം

വന്നപ്പോൾ, 210000 കർഷകരെ ആ അവസ്ഥയിലേക്ക് പോകാതിരിക്കാൻ 2000 കോടി രൂപ വായ്പയെടുത്തത് ഉൾപ്പെടെയുള്ള ഫലപ്രദമായ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിയത്. അക്കാര്യങ്ങൾ മറച്ചുവച്ചാണ് ഇവിടെ ഈ നിലയിൽ സംസാരിക്കുന്നത്. 1300 ഓളം കോടി രൂപയെന്ന് ഞാൻ ഇവിടെ സൂചിപ്പിച്ചു. സംസ്ഥാനത്തിന് 1232 കോടി രൂപയാണ് കേന്ദ്ര സർക്കാർ നൽകാനുള്ളത്. ആ വിഷയങ്ങളൊന്നും ഇവിടെ പറയില്ല. നെല്ല് സംഭരണത്തിന്റെ കാര്യം പരിശോധിക്കാം. കേരളത്തിലെ നെല്ല് സംഭരണത്തിൽ ഇന്ത്യക്ക് മാതൃകയായ നിലപാടല്ലേ സ്വീകരിച്ചിട്ടുള്ളത്; ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ഇത് കാണാൻ സാധിക്കുമോ; ക്വിന്റൽ ഒന്നിന് 907 രൂപ ഉൽപാദന ചെലവുള്ള പഞ്ചാബിലും 2384 രൂപ ഉൽപാദന ചെലവുള്ള കേരളത്തിലും കേന്ദ്ര സർക്കാർ എം.എസ്.പി. (Minimum Support Price) തുക ഒരേ രൂപത്തിലല്ലേ കൊടുക്കുന്നത്; അത് കൂട്ടുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും ആവശ്യം എവിടെയെങ്കിലും നിങ്ങൾ പറയുന്നുണ്ടോ; അതെല്ലാം പരിഗണിച്ചുകൊണ്ടാണ് കേരളത്തിൽ സ്റ്റേറ്റ് ഇൻസെന്റീവായി 28 രൂപയെന്ന തുക നിശ്ചയിച്ചുകൊണ്ട് അതിൽ

ബാക്കിവരുന്ന തുക സ്റ്റേറ്റ് ഇൻസെന്റീവായി കേരളം നൽകുന്നത്. അങ്ങനെയും കർഷകരെ സഹായിക്കുകയാണ് ചെയ്യുന്നത്. അതൊന്നും പ്രതിപക്ഷം കാണുന്നില്ല. കർഷകരുടെ നെല്ല് സംഭരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട അംഗം ഇന്ന് അവതരിപ്പിച്ച പ്രമേയത്തെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. നാല് ദിവസത്തിനുമുമ്പ് ഈ പ്രമേയം അവതരിപ്പിച്ചിരുന്നെങ്കിൽ അതിനൊരു പ്രാധാന്യമുണ്ടെന്ന് പറയാമായിരുന്നു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട തർക്കങ്ങളെല്ലാം തീർത്ത് ഇന്നലെയോടുകൂടി നെല്ല് സംഭരിച്ചുതുടങ്ങി മുന്നോട്ടുപോകുന്ന അവസ്ഥയെക്കുറിച്ച് ഇന്നത്തെ മാതൃഭൂമി പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട ചർച്ചയിൽ ഇടപെട്ട് നെല്ല് സംഭരണം ആരംഭിക്കുകയും തർക്കങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാനുള്ള നിലപാട് കർഷകർ സ്വീകരിക്കുകയും ചെയ്തു. ഓരോ മേഖലയിലും അതിന്റെ കിഴിവിനെയുംമറ്റും സംബന്ധിച്ച കൃത്യമായ കണക്ക് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ഒ.ടി.ആർ. (Out-turn ratio)-നെ സംബന്ധിച്ച് മില്ലുകാരുടെ നിലപാടിനെക്കുറിച്ച് പറഞ്ഞു. ഒ.ടി.ആർ. 64.5 ശതമാനത്തിൽനിന്നും 68 ശതമാനമാകുന്ന അവസ്ഥ വന്നപ്പോൾ അതിൽനിന്ന്

അവർ ഒരു ശതമാനംപോലും പിന്നോട്ടുപോകാൻ തയ്യാറാകാത്ത നിലപാട് സ്വീകരിച്ചു. അതുസംബന്ധിച്ച് പല ചർച്ചകളും നടത്തി. മില്ലുകൾ മാറ്റിക്കൊടുക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട അംഗം മുൻ ഭക്ഷ്യ വകുപ്പുമന്ത്രിയാണല്ലോ; നമുക്ക് ഇക്കാര്യം നേരിട്ട് പരിശോധിക്കാം. ഞങ്ങൾക്കൊന്നും അതിൽ ഒരു ഭയപ്പാടുമില്ല. കാരണം നിങ്ങൾ അറിയേണ്ടത്, കുട്ടനാട് ഭാഗത്തെ അല്ലെങ്കിൽ  കോൾ നിലം വരുന്ന പ്രദേശത്തെ കിഴിവ് കണ്ടുകൊണ്ടാണ് ചില മില്ലുകൾക്ക് ഇവിടെയും അതിനെ കോമ്പൻസേറ്റ് ചെയ്യാൻ കഴിയുന്ന തരത്തിൽ നല്ല നെല്ലുൽപാദിപ്പിക്കുന്ന, കിഴിവ് കൊടുക്കേണ്ട അവസ്ഥയില്ലാത്ത പാലക്കാട് ജില്ലയുംകൂടി ചേർത്ത് കൊടുക്കുന്നത്. അത്തരത്തിൽ ഇടപെടുന്നതുകൊണ്ടാണ് നെല്ല് സംഭരണം വീഴ്ചയില്ലാതെ മുന്നോട്ടുപോകുന്നത്. അത് യാഥാർത്ഥ്യമായൊരു കാര്യമാണ്. ആ സമീപനംകൂടി സ്വീകരിച്ചതുകൊണ്ടാണ്, അല്ലാതെ മറ്റൊരു താൽപര്യവുമില്ല. അവിടെ പല താൽപര്യങ്ങളുമുണ്ടായിരുന്നു. കർഷകർ അതിന് കൂടെനിന്നില്ല. അതിന്റെ വേവലാതിയിൽ പലരും  ഇപ്പോൾ കാലിട്ടടിക്കുന്നുണ്ട്. അതാണ് അതിന്റെ സത്യമെന്നുള്ള കാര്യം അവിടവുമായി ബന്ധപ്പെട്ട എല്ലാവർക്കുമറിയാം.  ഇവിടെ

അനാവശ്യമായി രാഷ്ട്രീയം കലർത്തേണ്ടെന്ന് കരുതിയാണ് ഞാനത് സൂചിപ്പിക്കാത്തത്. രാഷ്ട്രീയമായി ചില ആളുകളുടെ നിലപാടാണത്. അല്ലാതെ കർഷകരുടെ നിലപാടല്ല. ആ നിലപാടാണ് ഈ വിഷയം ഇത്ര വൈകിപ്പിക്കാനുള്ള കാര്യങ്ങളിലേയ്ക്കെത്തിച്ചത്. മൂന്നര ശതമാനം കിഴിവെന്നത് രണ്ട് ശതമാനത്തിലേയ്ക്കെത്തിച്ച് അത് തീർക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കിയപ്പോൾ അത് പാടില്ലെന്ന് പറഞ്ഞാണ് മൂന്നുനാല് ദിവസക്കാലം നമുക്ക് നഷ്ടപ്പെടുത്തിയത്. ഇപ്പോൾ രണ്ട് ശതമാനം കിഴിവെന്നത് കർഷകർ അംഗീകരിച്ച്, നെല്ല് സംഭരിച്ചുതുടങ്ങി. ഇന്നലെ 36 ലോഡ് നെല്ല് പോയി. ഇന്ന് രാവിലെയും നെല്ല് സംഭരിച്ച് പൊയ്ക്കൊണ്ടിരിക്കുകയാണ്. അലോട്ടുചെയ്ത ചില മില്ലുകൾ ആദ്യം വരാത്തത് മാറ്റി കൊടുത്തു. അങ്ങനെയുള്ള ഫലപ്രദമായ നിലപാടും നടപടിയുമെല്ലാം സ്വീകരിച്ചുവെന്നത് വസ്തുതയാണ്. ഗവൺമെന്റ് കർഷകരോട് വളരെ അനുകൂല നിലപാട് സ്വീകരിക്കുമ്പോൾ അത് കണ്ടില്ലെന്ന വാക്ക് ഇവിടെ പറഞ്ഞത് അങ്ങേയറ്റം ഖേദകരമായിപ്പോയെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇപ്പോൾ കർഷകനുവേണ്ടി മുതല കണ്ണീരൊഴുക്കുന്ന ബഹുമാനപ്പെട്ട അംഗം മുൻ

ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്നല്ലോ; ഞാൻ രേഖകൾ പരിശോധിച്ചപ്പോൾ 2014 ഡിസംബർ 3-ന് അന്നത്തെ പാലക്കാട് എം.എൽ.എ. ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞ കാര്യങ്ങൾ ഇപ്പോൾ ഞാൻ ഓർക്കുകയാണ്. സംഭരണ വില കിട്ടാൻ നാലഞ്ച് മാസം കാലതാമസം വരുന്നുവെന്നാണ് അന്ന് അദ്ദേഹം ഈ സഭയിൽ പറഞ്ഞത്. ഈ ഫെബ്രുവരി 28 വരെയുള്ള കണക്ക് പറഞ്ഞല്ലോ; അപ്പോൾ നാലും അഞ്ചും ആറും മാസം കാലതാമസമുണ്ടാകുന്ന അവസ്ഥ മാറ്റിയെടുത്തുകൊണ്ടുവരുന്നതിനെക്കുറിച്ച് ഒരു നല്ല വാക്ക് പറയുന്നതിനുപകരം താങ്കൾ വീണ്ടും പഴയ ഓർമ്മയിൽ ആ നാലഞ്ച് മാസം ഇപ്പോഴും ആവർത്തിച്ചത് ഒട്ടും ശരിയായില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കർഷകരോട് ഏറ്റവുമധികം ആഭിമുഖ്യമുള്ളതും അവരെ ചേർത്തുനിർത്തുന്നതുമായ നിലപാടുതന്നെയാണ് എക്കാലവും ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ സൂചിപ്പിച്ച നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ ഇൻഡ്യക്ക് മാതൃകയായിട്ടുള്ള നിലപാടാണ് കേരളം സ്വീകരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ചില പുതിയ നിബന്ധനകളുണ്ട്. സംഭരണ കേന്ദ്രം അതായത്, പാഡി പ്രൊക്വയർമെന്റ് സെന്ററുകൾ

ആരംഭിക്കണമെന്നാണ് കേന്ദ്രം നിർദേശിക്കുന്നത്. ധാരാളം നിർദേശങ്ങൾ അവർ കൊണ്ടുവരുന്നുണ്ട്. അവയെല്ലാം അംഗീകരിച്ചില്ലെങ്കിൽ നമുക്ക് നൽകുന്ന എം.എസ്.പി. തുക കൃത്യമായി നൽകില്ലെന്ന ഭീഷണിയും വന്നുതുടങ്ങിയിരിക്കുകയാണ്. പാഡി പ്രൊക്യുയർമെന്റ് സെന്ററുകൾ ആരംഭിക്കുകയെന്ന് പറഞ്ഞാൽ പ്രായോഗികമായി ചിലയിടത്ത് കഴിയില്ല. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾ നെല്ല് സംഭരിക്കുന്നതുപോലെയാണോ കുട്ടനാട് നെല്ല് സംഭരിക്കുന്നത്? വള്ളത്തിൽ കായൽ കടന്നുപോയി നെല്ല് സംഭരിക്കുകയാണ്. പാലക്കാട്ടും മറ്റ് സ്ഥലങ്ങളിലും അത്തരം പ്രയാസങ്ങളില്ല. കുട്ടനാട്ടിൽ പാഡി പ്രൊക്യുയർമെന്റ് സെന്റർ ആരംഭിച്ചാൽ കർഷകർ നേരിട്ട് അവിടേക്ക് നെല്ല് കൊണ്ടുപോയി കൊടുക്കണം. എന്നാൽ പാലക്കാട് നെല്ല് സംഭരിക്കുന്നത് എങ്ങനെയാണ്; മില്ലുടമകൾ കർഷകന്റെ വീട്ടിൽപോയി നെല്ല് സംഭരിക്കുകയാണ് ചെയ്യുന്നത്. അവർ പറയുന്ന നിബന്ധനയനുസരിച്ച് കർഷകൻ ഈ സെന്ററിൽകൊണ്ടുപോയി കൊടുത്ത് ആ നിരീക്ഷണം കേന്ദ്ര ഗവൺമെന്റിന്റെ ഉദ്യോഗസ്ഥർക്ക് കാണാൻകഴിയുന്ന സംവിധാനമൊരുക്കി സംഭരിക്കണമെന്നാണ്. എന്നാൽ പ്രായോഗികമായി കേരളത്തിലെ

ഗവൺമെന്റും കൃഷി വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും അതിനനുസൃതമായിട്ടുള്ള ഒരു സംവിധാനമൊരുക്കി വലിയ പരാതിക്കിടയില്ലാതെ കർഷകരിൽനിന്നാണ് നെല്ല് സംഭരിക്കുന്നത്. കിഴിവിന്റെ വിഷയത്തിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ചില കേന്ദ്രങ്ങളിൽ അമിതമായി കിഴിവ് ചോദിച്ചുവെന്നുള്ളതൊക്കെ വസ്തുതയാണ്. പക്ഷെ അതെല്ലാം വിട്ടുകളയുകയല്ല, ചർച്ചകളിലൂടെ പരിഹരിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. സംഭരണകാര്യത്തിൽ രണ്ടുമൂന്ന് ദിവസത്തെ കാലതാമസമുണ്ടായിട്ടുണ്ട്. അത് വളരെവേഗത്തിൽ മാറ്റിയെടുക്കാൻ നമുക്കൊരുമിച്ച് നിൽക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവിടം നേരിട്ട് സന്ദർശിച്ച് ഞാനിരിക്കുന്ന വേദിയിലാണ് കൃഷി വകുപ്പുമന്ത്രിയെ വിളിച്ച് പ്രശ്നപരിഹാരത്തെക്കുറിച്ച് പറഞ്ഞത്. ഞങ്ങൾ ആ സമയത്തും ആ വിഷയത്തിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവിടെപോയി ആ വിഷയം വഷളാക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചില്ലെന്ന് എനിക്ക് മനസ്സിലായി. അത് പരിഹരിക്കണമെന്നാണ്

അദ്ദേഹവും പറഞ്ഞത്. ഞങ്ങളതിൽ ഊർജിതമായി ഇടപെടുകയും ഇന്നലെ അവധി ദിവസമായിട്ടും നെല്ല് സംഭരിക്കാൻ കഴിയുന്ന ഒരു നിലപാട് സ്വീകരിച്ചുവെന്ന് പറയുമ്പോൾ ഈ വിഷയം വീണ്ടും സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പറയുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ വിഷയം സംബന്ധിച്ച് ഇതൊക്കെയാണ് എനിക്ക് വിശദീകരിക്കാനുള്ളത്. പ്രസ്തുത വിഷയം സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപേക്ഷത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നിലവിൽ ഈ പ്രശ്നം പരിഹരിച്ചതിനാൽ, നാലുദിവസം മുമ്പ് പ്രസ്തുത വിഷയം സഭയിൽ ഉന്നയിച്ചിരുന്നുവെങ്കിൽ ഇതിനൊരു അടിയന്തര പ്രാധാന്യമുണ്ടാകുമായിരുന്നു എന്നാണ് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി പറഞ്ഞത്. അതിന് അദ്ദേഹം തെളിവായി ചൂണ്ടിക്കാട്ടിയത് ഇന്നത്തെ മലയാള മനോരമ

പത്രത്തിൽ നെല്ല് ലോറിയിൽ കയറ്റിക്കൊണ്ടുപോകുന്ന ഒരു ചിത്രമാണ്. അദ്ദേഹം അതിന്റെ തലക്കെട്ട് എന്താണെന്ന് ശ്രദ്ധിച്ചില്ലെന്ന് തോന്നുന്നു. മലയാള മനോരമ പത്രത്തിലെ അദ്ദേഹം ചൂണ്ടിക്കാട്ടിയ ചിത്രത്തിന്റെ തലക്കെട്ട് 'കർഷക സങ്കടത്തെ മുതലെടുത്ത് സർക്കാർ' എന്നാണ്. ഞാനത് വായിച്ചോട്ടെ, 'ഭരണകൂടത്തിന്റെയും മില്ലുകാരുടെയും സമ്മർദ്ദതന്ത്രം ഫലിച്ചു. കാഞ്ഞിരം-മലരിക്കൽ(ജെ) ബ്ലോക്ക് 9000 പാടശേഖരത്തിൽ 2 കിലോഗ്രാം കിഴിവിന് കർഷകർ വഴങ്ങേണ്ടിവരുന്നു. പ്രദേശത്ത് ഇന്നലെ നെല്ല് സംഭരണമാരംഭിക്കാനുള്ള നടപടികൾ തുടങ്ങുകയാണ്. ഇന്നലെ മഴകൂടി എത്തിയതോടെ കൂടുതൽ കർഷകർ 100 കിലോഗ്രാം നെല്ല് സംഭരിക്കുമ്പോൾ 2 കിലോഗ്രാം കിഴിവെന്ന മില്ലുകാരുടെ ആവശ്യത്തിന് ഗതികേടുകൊണ്ട് വഴങ്ങി.' അതിനുതാഴെ വേറൊരു വാർത്തയുണ്ട്. 'കുറിച്ചിയിലും കെട്ടിക്കിടക്കുന്നു; കിഴിവ് തർക്കംമൂലം കുറിച്ചി കൃഷിഭവന് കീഴിലുള്ള പാടശേഖരങ്ങളിലെ നെല്ല് ദിവസങ്ങളായി കൂട്ടിയിട്ടിരിക്കുന്നു.' ഒരുപാട് പാടശേഖരങ്ങളിൽ നെല്ല് ഇപ്പോഴും കൂട്ടിയിട്ടിരിക്കുന്ന വാർത്തയാണ് വരുന്നത്. അതിനുതാഴെ വേറൊരു വാർത്തയുണ്ട്. മലയാള മനോരമ പത്രം ക്വാട്ട് ചെയ്തുകൊണ്ടാണ് ഞാൻ

പറഞ്ഞത്. 'രണ്ട് കിലോ കിഴിവ് സമ്മതിച്ചിട്ടില്ല; പാടശേഖര സമിതി.' പാടശേഖര സമിതിയല്ലാതെ ചില മില്ലുകാരുടെ ഏജന്റുമാരും ഇവരുടെ ചിലയാളുകളും പാർട്ടിക്കാരും ഒരുമിച്ചിരുന്ന് ചർച്ച ചെയ്തശേഷവും എന്താണ് പ്രശ്നം? ശ്രീ. അനൂപ് ജേക്കബ് പറഞ്ഞതുപോലെ, സ്വർണ്ണം പണയംവച്ചും വട്ടിപ്പലിശക്കാരുടെ കൈയിൽനിന്ന് പണം കടം വാങ്ങിയും വിളയിച്ച നെല്ല് കൊയ്തെടുത്ത് പാടത്ത് കൂട്ടിയിട്ടിരിക്കുകയാണ്. സാധാരണ രണ്ടാമത്തെയും മൂന്നാമത്തെയും ദിവസം കൊണ്ടുപോകും. ഞാനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അവിടെ പോയപ്പോഴും പാടം മുഴുവനും കൊയ്ത നെല്ല് 17 ദിവസമായി കൂട്ടിയിട്ടിരിക്കുന്ന കാഴ്ചയാണ് കാണാനിടയായത്. ഓരോ ദിവസവും നെല്ല് മറിക്കേണ്ടതിനാൽ അതിനുള്ള ചെലവും വേറെയാണ്. മില്ലുകാർ കിഴിവ് ചോദിച്ചുകൊണ്ട് സമ്മർദ്ദം ചെലുത്തുകയും അല്ലെങ്കിൽ എടുക്കില്ലെന്ന് പറയുകയുമാണ്. അതിനിടയിൽ ഒരു മഴയും പെയ്തു; മഴ പെയ്താൽ ഇതിന്റെ ഈർപ്പം കൂടുകയും വീണ്ടും വലിയതോതിൽ കിഴിവ് വരുത്തുകയും ചെയ്യും. തുടർന്ന് രണ്ടുദിവസം അടുപ്പിച്ച് മഴ പെയ്തപ്പോൾ, 17 ദിവസം കഴിഞ്ഞ് ഒരു നിവൃത്തിയുമില്ലാതെ എങ്ങനെയെങ്കിലും ഇത് എടുത്തുകൊണ്ട് പോകാൻ

സർക്കാരും മില്ലുകാർക്കുവേണ്ടി ഒത്താശചെയ്ത് സമ്മർദ്ദം ചെലുത്തിയാണ് ആ പാവപ്പെട്ടവരെക്കൊണ്ട് ഇതിന് സമ്മതിച്ചത്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ഇവിടെ 2% കിഴിവിന് എന്താണ് കുഴപ്പമെന്ന് ചോദിച്ചു. ഈ പാടശേഖരത്തിന്റെ നെല്ലിനൊരു പ്രത്യേകതയുണ്ട്; എല്ലായിടത്തുമുള്ള നെല്ല് പോലെയല്ല; പതിരില്ലാത്ത 'എ ക്ലാസ്' നെല്ലാണിത്. ചരിത്രത്തിൽ ഇന്നേവരെ നെല്ല് സംഭരണം ആരംഭിച്ചിട്ട് ഇന്നുവരെ അവിടെ ഒരു ശതമാനം കിഴിവുപോലും ഒരു മില്ലുകാരും ആവശ്യപ്പെട്ടിട്ടില്ല. അവിടെ കിഴിവിന്റെ ആവശ്യമില്ല. കുട്ടനാട്ടിൽ ചില സ്ഥലത്തുനിന്നും 5 ശതമാനവും 7 ശതമാനവും കിഴിവ് വാങ്ങും. ഇവിടെനിന്നും ഒരു ശതമാനം കിഴിവുപോലും ഇതുവരെയും വാങ്ങിയിട്ടില്ല. ഇക്കൊല്ലം മില്ലുകാർ വന്നിട്ട് 2 ശതമാനം കിഴിവെന്ന് പറയുകയാണ്. അടുത്ത വർഷം അത് മൂന്നും തുടർന്ന് നാലും അഞ്ചും ആറുമാകും. ഇങ്ങനെ മില്ലുകാരുടെ സമ്മർദ്ദത്തിന് സർക്കാർ വഴങ്ങുന്നത് ശരിയാണോ? നിങ്ങൾ കൂടിയാലോചന നടത്തി ചർച്ച ചെയ്തുവെന്നൊക്കെ പറഞ്ഞു. എന്നാണ് നിങ്ങൾ ചർച്ച തുടങ്ങിയത്? Let me complete my Point. ഞാൻ വഴങ്ങും, അങ്ങ് മന്ത്രിയല്ലേ. മൂന്ന് ദിവസമായി ചർച്ച തുടങ്ങിയിട്ടെന്ന്

പറഞ്ഞു. എത്ര ദിവസമായി നെല്ല് കെട്ടിക്കിടക്കുന്നു. 17 ദിവസമായി കെട്ടിക്കിടന്നിട്ട് 14 ദിവസം കഴിഞ്ഞപ്പോൾ ചർച്ച തുടങ്ങുകയും സമ്മർദ്ദം ചെലുത്തുകയും തുടർന്ന് മഴകൂടി പെയ്തപ്പോൾ എങ്ങനെയെങ്കിലും, നിവർത്തിയില്ലാത്തതുകൊണ്ടാണ്, ഇനി 10 ശതമാനം കിഴിവ് നിങ്ങൾ ചോദിച്ചോളൂ, ഇനിയുംകൂടി എടുക്കാതിരുന്നാൽ അവർ സമ്മതിക്കും.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഒരു കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയില്ല. കർഷക പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മില്ലുകാരുടെയും ജോയിന്റായുള്ള ഒരു കമ്മിറ്റി പരിശോധിച്ച് കിഴിവിനെ സംബന്ധിച്ച് തീരുമാനമെടുക്കാമെന്ന് പറഞ്ഞു. അത് ചില കർഷകർ സമ്മതിച്ചെങ്കിലും മറ്റുചില കർഷകർ സമ്മതിക്കാത്ത നിലപാടായതിനാൽ, കിഴിവ് കൂടുതലാണെന്നും കിഴിവ് കൊടുത്താലേ നെല്ല് സ്വീകരിക്കുവെന്ന നിലപാടൊന്നും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. അങ്ങനെയാണ് ഗവൺമെന്റ് നിർദ്ദേശം മുന്നോട്ടുവച്ചത്. അതിന് തയ്യാറാകാൻ കഴിയാത്തത് സംബന്ധിച്ച ചില

തടസ്സങ്ങളുണ്ടാക്കിയതിന്റെ പിന്നിലുള്ള കാര്യങ്ങളെല്ലാം നിങ്ങൾക്ക് അറിയുന്ന കാര്യങ്ങളാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതുവരെ കിഴിവില്ലാത്ത ഒരു സ്ഥലത്ത് മില്ലുകാരുടെ ആവശ്യപ്രകാരം കിഴിവ് കൊണ്ടുവരികയാണ്. ഇങ്ങനെയാണ് കുട്ടനാട്ടിലെ കർഷകരെ പറ്റിച്ചുകൊണ്ടിരിക്കുന്നത്. കിഴിവ് തുടങ്ങിത്തുടങ്ങി എത്ര ശതമാനമായി. ഈർപ്പത്തിന്റെ പേരിൽ എത്ര ശതമാനമാണ് അവർക്ക് കുറച്ചുകൊടുക്കുന്നത്. സർക്കാർ അതിന് ഒത്താശ ചെയ്തുകൊടുക്കാൻ ഒരു കാരണവശാലും പാടില്ല. നിങ്ങൾ കർഷകരുടെ കൂടെയാണോ അതോ മില്ലുകാരുടെ കൂടെയാണോ എന്നകാര്യം വ്യക്തമാക്കേണ്ടതാണ്. അതിനുവേണ്ടി ഒരു കാരണവശാലും സാധ്യമല്ലെന്ന് പറയാൻ സർക്കാർ നിലപാട് സ്വീകരിക്കണം. അതിന്റെ തൊട്ടപ്പുറത്തെ പ്രദേശത്ത് ഒരു ശതമാനവും കിഴിവില്ലാതെ നെല്ല് കൊണ്ടുപോയി. അപ്പോൾ ഇതുവരെയും കിഴിവില്ലാത്ത ഒരു പ്രദേശത്ത് ഒരു പുതിയ കാര്യം അടിച്ചേൽപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. കുട്ടനാട്ടിൽ പല മേഖലകളിലും 10 ദിവസമായി നെല്ല് ഇപ്പോഴും കെട്ടിക്കിടക്കുന്നു. പുളിങ്കുന്ന്, കിടങ്ങര എന്നുതുടങ്ങി 900

പാടശേഖരങ്ങളിൽ നെല്ല് കെട്ടിക്കിടക്കുകയാണ്. 10 ദിവസം കഴിഞ്ഞിട്ടും കുട്ടനാട്ടിലെ നെല്ലിനോട് മില്ലുകാർക്ക് അവഗണനയാണ്. കുട്ടനാട് കേരളത്തിന്റെ നെല്ലറയായതിനാൽ മില്ലുകാരും മില്ലുകാരുടെ ഏജന്റുമാരുമാണ് ഇക്കാര്യങ്ങൾ തീരുമാനിക്കുന്നത്. പാവപ്പെട്ടവന്റെ പോക്കറ്റിൽ കയ്യിട്ടുവാരുന്ന ഈ കിഴിവിന്റെ കമ്മീഷൻ ഏജന്റുമാർക്കും മില്ലുകാർക്കും ചില ഉദ്യോഗസ്ഥർക്കുമാണ് പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിലുള്ള വിജിലൻസ് അന്വേഷണത്തിന്റെ ഒരു റിപ്പോർട്ട് 'Operation Rice Bowl' ഗവൺമെന്റിന്റെ കയ്യിലുണ്ട്. പാവപ്പെട്ടവന്റെ കൈയിൽനിന്നും കയ്യിട്ടുവാരുന്ന കാശ് വീതംവയ്ക്കുകയാണ് ഇവരെല്ലാവരും ചെയ്യുന്നത്. അതിന് സർക്കാർ ഒരിക്കലും കൂട്ടുനിൽക്കരുതെന്നാണ് ഞങ്ങളുടെ അഭ്യർഥന. ചോദിക്കുന്ന കിഴിവ് കൊടുത്തില്ലെങ്കിൽ, അവർ ചോദിക്കുന്നതാണ്, 5 ശതമാനമെന്നു പറഞ്ഞാൽ 5 ശതമാനം. അതായത് ഒരു ക്വിന്റൽ നെല്ലെടുക്കുമ്പോൾ 5% സൗജന്യം. അതായത് 5 കിലോഗ്രാം സൗജന്യമായി ലഭിക്കുമ്പോൾ കോടിക്കണക്കിന് രൂപയുടെ ഏർപ്പാടാണ് ഈ കിഴിവിന്റെ മറവിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന യാഥാർത്ഥ്യം മനസിലാക്കണം. ഒരു ക്വിന്റൽ ചെയ്യുമ്പോൾ 68 കിലോഗ്രാം നെല്ല്

കൊടുക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി തീരുമാനമെടുത്തെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മില്ലുകാർക്കുവേണ്ടി പറഞ്ഞ ന്യായീകരണം. നേരത്തെ ഇവിടെ 64.5 കിലോഗ്രാമായിരുന്നു. എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട ഹൈക്കോടതി അപ്രകാരം തീരുമാനമെടുത്തത്? ദേശീയതലത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും 68 കിലോഗ്രാമാണ്. അതായത് ഒരു ക്വിന്റൽ നെല്ല് പ്രോസ്സസ് ചെയ്തുകഴിയുമ്പോൾ 68 കിലോഗ്രാം കൊടുക്കണമെന്നായിരുന്നു. കേരളത്തിൽ മാത്രമായിരുന്നു 64.5 കിലോഗ്രാം. ദേശീയതലത്തിലുള്ള ഒരു മാനദണ്ഡത്തിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട ഹൈക്കോടതി അങ്ങനെ തീരുമാനമെടുത്തത്. അതോടുകൂടി മില്ലുകാർക്ക് വലിയ സങ്കടവും നഷ്ടവുമുണ്ടായി. അതുകൊണ്ട് ഈ പാവപ്പെട്ടവനെ വീണ്ടും പ്രയാസപ്പെടുത്തണമെന്ന് പറയുന്നത് ശരിയാണോ? ഞങ്ങളുടെ കാലത്ത് സംഭരണമാരംഭിച്ച് കുറച്ചുനാൾ കഴിഞ്ഞപ്പോൾ സംഭരണവില കൃത്യമായി കൊടുക്കാൻ കഴിയാത്തതിനാൽ Paddy Receipt Sheets (PRS) ഏർപ്പെടുത്തി. അവിടെയുള്ള റെസീപ്റ്റ് കൊടുത്താൽ ബാങ്ക് പണം കൊടുക്കുമെന്നതിനാൽ വളരെ ഭംഗിയായി ഇത് മുന്നോട്ടുപോകുകയും കൃത്യമായി കർഷകർക്ക്

ലഭിക്കുകയും ചെയ്തു. ഇപ്പോൾ കുറച്ചുനാളായുള്ള പ്രശ്നം, PRS കൊടുക്കുകയും ബാങ്ക് പണം കൊടുക്കുകയും ചെയ്യും. ബാങ്കിന് സപ്ലൈകോ പണം കൊടുക്കാത്തതിനാൽ ബാങ്കുകാർ കർഷകന്റെ സിബിൽ (CIBIL) സ്കോർ താഴ്ത്തി. പാവപ്പെട്ടവൻ മകളുടെ കല്യാണത്തിനോ വീടുവയ്ക്കാനോവേണ്ടി ഒരു സെന്റ് ഭൂമി പണയം വയ്ക്കാൻ ചെന്നാൽ സിബിൽ (CIBIL) സ്കോർ കുറവായതിനാൽ വായ്പ ലഭിക്കുന്നില്ല. PRS-ൽ സർക്കാർ പണം കൊടുക്കാത്തതിനാൽ അയാളുടെ സിബിൽ സ്കോർ താഴേയ്ക്കുപോകുന്ന സാഹചര്യമുണ്ടായി. അങ്ങ് ഇവിടെ പറഞ്ഞ കണക്കിനേക്കാൾ ധാരാളം കോടിരൂപ ബാക്കി കൊടുക്കാനുണ്ട്. ഞാൻ സപ്ലൈകോയെ കുറ്റപ്പെടുത്തുന്നില്ല. കാരണം മന്ത്രിയായതിനാൽ അദ്ദേഹത്തിന് പറയാൻ കഴിയില്ല. സപ്ലൈകോയ്ക്ക് കേന്ദ്രസർക്കാർ നൽകാനുള്ള 1077 കോടിരൂപയെ സംബന്ധിച്ച് നിങ്ങൾ ഇവിടെ എന്തുകൊണ്ട് പറഞ്ഞില്ലെന്ന് അങ്ങ് ചോദിച്ചു. അത് അങ്ങ് പറയാൻ പാടില്ലായിരുന്നു. ശ്രീ. അനൂപ് ജേക്കബിന്റെ അവതരണത്തിൽ കേന്ദ്ര ഗവൺമെന്റ് നിങ്ങൾക്ക് നൽകാനുള്ള പണം സംബന്ധിച്ചുണ്ടായിരുന്നു. സപ്ലൈകോയ്ക്ക് കേരള ഗവൺമെന്റ് 1058 കോടിരൂപ കൊടുക്കാനുണ്ട്. സപ്ലൈകോയ്ക്ക് കേന്ദ്ര ഗവൺമെന്റും സംസ്ഥാന

ഗവൺമെന്റുംകൂടി 2135 കോടിരൂപ കൊടുക്കാനുള്ളതുകൊണ്ടാണ് അവരുടെ പേയ്മെന്റ് വൈകുന്നത്. അവർ എവിടെനിന്ന് കൊടുക്കാനാണ്. മാവേലി സ്റ്റോറിൽ സപ്ലൈ ചെയ്ത സപ്ലൈയേഴ്സിനുൾപ്പെടെ നാലായിരത്തോളം കോടിരൂപയുടെ ബാധ്യതയിലാണ് സപ്ലൈകോ നിൽക്കുന്നത്. അപ്പോൾ നെല്ല് സംഭരണത്തിന്റെ പണം ശരിയായി കൊടുക്കാൻ കഴിയില്ല. ഗവൺമെന്റ് പോളിസിയുടെ ഭാഗമായാണ് സപ്ലൈകോ ഇത് ചെയ്യുന്നത്. ഗവൺമെന്റാണ് സപ്ലൈകോയ്ക്ക് പണം കൊടുക്കേണ്ടത്. സപ്ലൈകോയ്ക്ക് കൃത്യമായി പണം കൊടുക്കാത്തതിനാലാണ് നെല്ല് സംഭരണത്തിൽ ഈ പാളിച്ചകൾ നേരിടുന്നത്. സംസ്ഥാന സർക്കാർ ഇൻസെന്റീവ് കൊടുക്കുന്നത് സംബന്ധിച്ച കാര്യം അങ്ങ് ഇവിടെ പറഞ്ഞു. സംസ്ഥാന സർക്കാർ ഇൻസെന്റീവ് കൊടുക്കുന്നത് 28 രൂപയെന്നുള്ള കണക്കിലാണോ? കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്ന തുകയ്ക്ക് ആനുപാതികമായ ഒരു തുക സംസ്ഥാന ഗവൺമെന്റ് കൊടുക്കും. 2019-20-ൽ കിലോഗ്രാമിന് 8.8 രൂപയായിരുന്നു സംസ്ഥാനം കൊടുത്തുകൊണ്ടിരുന്നത്. കേന്ദ്ര ഗവൺമെന്റ് 19 രൂപയിൽനിന്നും 23 രൂപയാക്കിയപ്പോൾ സംസ്ഥാനം കൊടുത്തുകൊണ്ടിരുന്ന തുക

നിലനിർത്തുന്നതിനുപകരം 8.80 രൂപയിൽ നിന്നും 5.20 രൂപയാക്കി കുറച്ചു. കേന്ദ്ര ഗവൺമെന്റ് വർധിപ്പിച്ച തുകയുടെ ആനുകൂല്യം പാവപ്പെട്ട കർഷകർക്ക് ലഭ്യമായിട്ടുണ്ടോ? നമ്മൾ കേന്ദ്ര ഗവൺമെന്റിനെ വിമർശിക്കുകയാണ് ചെയ്യുന്നത്. 19 രൂപയുണ്ടായിരുന്ന സ്ഥാനത്ത് 23.20 രൂപയാക്കി കേന്ദ്ര ഗവൺമെന്റ് വർധിപ്പിച്ചപ്പോൾ, നമ്മൾ 8 രൂപ 80 പൈസ ആയിരുന്നത് 5 രൂപ 20 പൈസയാക്കി കുറച്ചു. കേന്ദ്ര ഗവൺമെന്റ് 19 രൂപ നൽകിയിരുന്ന സമയത്ത് കർഷകർക്ക് ലഭിച്ചിരുന്ന 28 രൂപ തന്നെയാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് 23 രൂപ നൽകുമ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നത്. അതിന് സംസ്ഥാന ഗവൺമെന്റാണ് ഉത്തരവാദി; താങ്ങുവിലയുടെ കാര്യത്തിൽ ഉണ്ടാകുന്ന പ്രശ്നമിതാണ്. ഇക്കാര്യത്തിനുവേണ്ടി കേന്ദ്രത്തിൽനിന്നും പണം തരാത്തതെന്താണെന്ന് ഞങ്ങളുടെ എം.പി.-മാർ പാർലമെന്റിൽ ചോദിച്ചു. വിതരണത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകിയാൽ മാത്രമേ കേന്ദ്രത്തിന് പണം നൽകാൻ സാധിക്കുവെന്നാണ് അവർക്ക് ലഭ്യമായ മറുപടി. സ്വാഭാവികമായും ഓഡിറ്റ് റിപ്പോർട്ട് വൈകും. ഒരു വർഷം വൈകുമെന്ന് തീരുമാനിച്ചാലും, 2018-2019-ൽ ഓഡിറ്റ് റിപ്പോർട്ട് നൽകിയതിനുശേഷം, ഇതുവരെ

സപ്ലൈകോയിൽനിന്ന് ഓഡിറ്റ് റിപ്പോർട്ട് നൽകാത്തതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് പണം നൽകാത്തതെന്നാണ് എം.പി.-മാർക്ക് എഴുതി നൽകിയിരിക്കുകയാണ്. കർഷകരെ ഇതുപോലെ സഹായിച്ചൊരു ഗവൺമെന്റ് ഉണ്ടായിട്ടില്ലെന്നാണ് അങ്ങ് പറഞ്ഞത്. മുമ്പ് ഇവിടെ കർഷക കടാശ്വാസ കമ്മീഷനുണ്ടായിരുന്നു. ഇവിടെ കൃഷി വകുപ്പുമന്ത്രി ഇരിപ്പുണ്ട്. ഇപ്പോൾ കർഷക കടാശ്വാസ കമ്മീഷൻ നിലവിലുണ്ടോ; എത്ര കോടി രൂപയാണ് കൊടുക്കാനുള്ളത്? സഹകരണ ബാങ്കുകളിൽ കർഷക കടാശ്വാസ കമ്മീഷന്റെ പണം അടയ്ക്കാത്തതുകൊണ്ട് ജപ്തി നടപടികൾ ആരംഭിക്കുകയാണ്. കാർഷിക കടാശ്വാസ കമ്മീഷൻ അക്ഷരാർഥത്തിൽ അടച്ചുപൂട്ടി, അതാണോ നിങ്ങൾ ഇവിടെ പറഞ്ഞ പുതിയ കാര്യം. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഇവിടെ കർഷകർ വലിയ പ്രയാസത്തിലാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ നെൽകൃഷിയിൽനിന്നും ആളുകൾ പിന്മാറുകയാണ്. ഇന്ന് നെല്ലിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും കുറഞ്ഞു. ഇതിൽനിന്നും ആളുകൾ പിന്നോക്കം പോകുകയാണ്. മണ്ണിനോട് അതമ്യമായ സ്നേഹമുള്ള ഒട്ടും നിവർത്തിയില്ലാത്ത കുറച്ച് പാവപ്പെട്ട കർഷകരാണ് ഈ രംഗത്ത്

പ്രവർത്തിക്കുന്നത്. ഞങ്ങൾ അവിടെ പോയപ്പോൾ അവരുടെ സങ്കടവും കരച്ചിലും കണ്ടു. കഠിനാധ്വാനം ചെയ്തും കടം വാങ്ങിയും കൃഷി ചെയ്തുണ്ടാക്കിയ നെല്ല് കൂട്ടിവച്ചിരിക്കുകയാണ്. എന്നിട്ട് അവരോട് വില പേശുകയാണ്. ഈ സ്ഥിതിവിശേഷം അവസാനിപ്പിക്കണം. നെല്ല് സംഭരണത്തിനുവേണ്ടി ഒരു ചിട്ടയായ സംവിധാനം കൊണ്ടുവരണം. കർഷകരെ ബുദ്ധിമുട്ടിക്കരുത്. മഴപെയ്യുന്നതുപോലെ അവരുടെ കണ്ണുനീർ അവിടെ വീഴ്ത്തരുത്. അവർ ഉൽപാദിപ്പിക്കുന്ന നെല്ല് നമ്മുടെ അന്നമല്ലേ; അതിനുമേൽ കർഷകന്റെ കണ്ണുനീർ വീഴുന്ന നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. നെൽകർഷകരോട് ഈ സർക്കാർ കാണിക്കുന്ന കടുത്ത അവഗണനയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ശ്രീ. അനൂപ് ജേക്കബ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപേക്ഷപം അവതരിപ്പിച്ചുകൊണ്ട് ഉന്നയിച്ച പ്രശ്നങ്ങൾക്ക് മന്ത്രി പറഞ്ഞ മറുപടിയിലും പ്രതിപക്ഷ നേതാവ് ഇവിടെ നടത്തിയ പ്രസംഗത്തിലും പറഞ്ഞൊരുകാര്യം വളരെ വ്യക്തമാണ്. നാലുദിവസം മുമ്പുവരെ ഇക്കാര്യത്തിലൊരു അടിയന്തര സാഹചര്യമുണ്ടായിരുന്നുവെന്നാണ് മന്ത്രി സമ്മതിക്കുന്നത്. ആ അടിയന്തര സാഹചര്യം ഇപ്പോഴും തുടരുന്നുവെന്നതും വ്യക്തമാണ്. കർഷകർക്ക് രക്ഷയില്ലാത്തതുകൊണ്ട് അവർ ആവശ്യപ്പെട്ട കിഴിവ് കൊടുത്ത് തൽക്കാലം തടിയൂരിയെന്നേയുള്ളൂവെന്ന കാര്യം വളരെ വ്യക്തമാണ്. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം വളരെ ദയനീയമായ/ശോചനീയമായൊരു സ്ഥിതിയാണുള്ളതെന്ന് എല്ലാവർക്കും മനസ്സിലായിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ പണം കൊടുത്ത് കർഷകരെ രക്ഷപ്പെടുത്താൻവേണ്ടി, അവർക്ക് യഥാസമയം സപ്ലൈകോ കാശ് നൽകുന്നില്ല, സപ്ലൈകോ ബാങ്കിന് നൽകുന്നില്ല. ആ സംവിധാനംതന്നെ തകർന്നിരിക്കുകയാണെന്നുള്ളത് വളരെ വ്യക്തമാണ്. ശരിയായ ഒരു നടപടി ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്നുള്ളതുകൊണ്ട് ഇക്കാര്യങ്ങൾ ഞാൻ

വിശദമായി പറയേണ്ട യാതൊരു കാര്യവുമില്ല. ഗവൺമെന്റിന് ഇക്കാര്യത്തിലുള്ള അനാസ്ഥ ഒഴിവാക്കാൻവേണ്ടി ഇതിനുശേഷമെങ്കിലും നടപടിയെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഇതുവരെ എടുത്ത സമീപനങ്ങൾ വളരെ പ്രതിഷേധത്തോടെയാണ് നെൽകർഷകർ നോക്കിക്കാണുന്നത്. 13-14 ദിവസമായിട്ടും, കൊയ്ത്ത് കഴിഞ്ഞശേഷം കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും പാടത്ത് നെല്ല് കിടക്കുകയാണ്. നെല്ല് മുളച്ചുപോകുന്നൊരു അവസ്ഥയിൽ എത്തിയിട്ടും നെല്ല് കയറ്റി അയയ്ക്കുന്നതിനുള്ള ഒരു ശാശ്വത പരിഹാരമുണ്ടാകുന്നില്ല. എല്ലാവർഷവും കൊയ്ത്ത് കഴിഞ്ഞാൽ നെല്ല് സംഭരണം കൃത്യമായി നടക്കാത്തതിന്റെ പേരിൽ വലിയ പ്രതിസന്ധിയുണ്ടാകുന്നുണ്ട്.

ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പും കൃഷി വകുപ്പുംകൂടി ഒരു കർമ്മപരിപാടി ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. അതിന് കഴിയാത്തത് ഏറ്റവും നിർഭാഗ്യകരമായ കാര്യമാണ്. ഇത് കഴിയുമ്പോൾ നെൽകർഷകർ സങ്കട കണ്ണീരിലാകുകയാണ്. അതുകൊണ്ട് ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കാൻ  കഴിയുന്ന വിധത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തരമായ നടപടി ഇനിയെങ്കിലും സ്വീകരിക്കാൻ തയ്യാറാകണം. ഗവൺമെന്റ് നെല്ല് സംഭരിക്കുന്നതിൽ പരാചയപ്പെട്ടതിലും അത്  തൃപ്തികരമായി  പരിഹരിക്കാൻ തയ്യാറാകാത്തതിലും പ്രതിഷേധിച്ച് ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)